പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയുടെ ജോലിസമയം പുനർനിർണ്ണയം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4535

28.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, പാലോട് രവി<br>,, വി. റ്റി. ബൽറാം<br>,, എ. റ്റി. ജോർജ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജോലി സമയം പുനർനിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | തൊഴിലുറപ്പ് പദ്ധതിയുടെ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തിയുടെ അളവിൽ കുറവ് വരുത്താതെ ജോലി സമയം രാവിലെ 8മണി മുതൽ വൈകുന്നേരം 5 മണിവരെ എന്നതിനു പകരം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ (വിശ്രമ സമയം ഉൾപ്പെടെ) എന്ന് പുനർ നിശ്ചയിച്ച് സർക്കാർ, 16.08.2012 ലെ 223/12/തസ്വഭവ നമ്പർ പ്രകാരം, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജോലി സമയത്തിൽ വരുന്ന കുറവ് എങ്ങനെയാണ് പരിഹരിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ; | (സി) | ജോലി സമയത്തിൽ വരുന്ന കുറവ് ജോലിയുടെ അളവിനെ ബാധിക്കാത്തതരത്തിൽ ക്രമീകരിക്കുന്നു. |
| (ഡി) | ഇതുസംബന്ധിച്ച് കൂലിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കൂലിയിൽ മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ